LIBRARY ARCHIVES Kerala Legislative Assembly

വനിതകളുടെ സുക്ഷിതത്വം

256 (1622) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീധന പീഡന കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

&

(ബി) എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്നറിയിക്കുമോ?

ഉണ്ട്. സ്ത്രീധനപീഡന കേസ്സുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ 1961-ലെ സ്ത്രീധന നിരോധന നിയമം പര്യാപ്തമല്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് നിയമത്തിലെ അപാകതകൾ പരിശോധിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ച് നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് കേന്ദ്ര സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) വനിതകളുടെയും കുട്ടികളുടെയും വൃദ്ധരുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദീകരിക്കാമോ?

വനിതകളുടെയും കുട്ടികളുടെയും വൃദ്ധരുടെയും സുരക്ഷിതത്വം ഉറപ്പാക്കാൻ, വനിത-ശിശുവികസന വകുപ്പും സാമൂഹ്യനീതി വകുപ്പും മുഖേന, സർക്കാർ സ്വീകരിക്കുന്ന നടപടികൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

വീട്ടിൽ തനിച്ചാകുന്ന കുട്ടികളുടെ സുരക്ഷ

257 (1623) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയായ ബാലികയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിന് രക്ഷിതാക്കൾ ജോലികൾക്കായി പുറത്തുപോകുമ്പോൾ വീട്ടിൽ തനിച്ചാകുന്ന കുട്ടികൾക്ക് സുരക്ഷ ഒരുക്കുന്നതിന് പര്യാപ്തമായ ഒരു സംവിധാനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ആദിവാസികളുടെയും സാമ്പത്തികമായും സാമൂഹ്യപരമായും പിന്നാക്കം നിൽക്കുന്ന മറ്റ വിഭാഗങ്ങളിൽപ്പെട്ടവരുടെയും വീടുകളിലെ രക്ഷിതാക്കൾ ജോലിതേടി പോകുമ്പോൾ വീടുകളിൽ തനിച്ചാകുന്ന കുട്ടികൾക്ക് രക്ഷിതാക്കൾ തിരിച്ചെത്തുന്നതുവരെ സുരക്ഷ ഒരുക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് വൾനറബിൾ ആയിട്ടുള്ള കുട്ടികളെ കണ്ടെത്തുന്നതിന് സംസ്ഥാനതലത്തിൽ ഒരു വൾനറബിലിറ്റി മാപ്പിംഗ് നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇത്തരത്തിൽ മാപ്പിംഗ് നടത്തുമ്പോൾ വൾനറബിളായി കണ്ടെത്തുന്ന കുട്ടികൾക്ക് വ്യക്തിഗത പരിചരണം നൽകുന്നതും കൂടാതെ ഐ.സി.ഡി.എസ്. അങ്കണവാടികൾ മുഖേനയോ അഡോളസെന്റ് ക്ലബുകൾ മുഖേനയോ ഇത്തരത്തിലുള്ള കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചുവരുന്നു.

സംസ്ഥാന വനിതാ കമ്മീഷന്റെ വാർഷിക റിപ്പോർട്ട്

258(1624) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നിയമം നിഷ്കർഷിക്കുന്ന വാർഷിക റിപ്പോർട്ട് വനിതാ കമ്മീഷൻ സർക്കാരിന് മുൻപിൽ സമർപ്പിക്കാറുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2017-18 സാമ്പത്തിക വർഷം വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര നിർദ്ദേശങ്ങളാണ് സമർപ്പിച്ചിരിക്കുന്നത്; ഇതിൽ എത്ര നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ സർക്കാരിലേയ്ക്ക് ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(1) ഐ. ടി. മേഖലയിലെ സ്ത്രീ സുരക്ഷ സംബന്ധിച്ച നിർദ്ദേശങ്ങൾ.

(2) കേരളത്തിലെ മഹിളാ സംഘടനകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ.